## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3514

20-06-2018 ൽ മറുപടിയ്ക്ക്

### അങ്കമാലി ഫയർ സ്റ്റേഷന്റെ ശോചനീയ അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം.ജോൺ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) അങ്കമാലി ഫയർ സ്റ്റേഷന്റെ ശോചനീയ അവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) അങ്കമാലി ഫയർസ്റ്റേഷന് ശോചനീയാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉപകരണങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അങ്കമാലി ഫയർ സ്റ്റേഷനിലെ എമർജൻസി ടെണ്ടർ കാലപ്പഴക്കം കൊണ്ട് നിരാകരണത്തിന് അപേക്ഷിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | ബി) അങ്കമാലി ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ എമർജൻസി ടെണ്ടർ അറ്റകുറ്റപ്പണികൾ നടത്തുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരാകരണ സമിതി യോഗം ചേർന്ന് മതിപ്പുവില നിശ്ചയിച്ച് നിരാകരണ ഉത്തരവിനായി ലഭ്യമാക്കിയ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. പുതിയ വാഹനം ലഭ്യമാകുന്ന മുറയ്ക്ക് അങ്കമാലി നിലയത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) പ്രസ്തുത സ്റ്റേഷനിലെ സ്കൂബ സെറ്റ്, ബി.എ. സെറ്റ്, ചെയിൻസോ എന്നിവയുടെ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ബി.എ.സെറ്റ്, ഒരു ബ്രീത്തിംഗ് അപ്പാരറ്റസ് കംപ്രസ്സർ എന്നിവ നൽകിയിട്ടുണ്ട്. സ്കൂബാ സെറ്റുകൾ, ചെയിൻസാ എന്നിവ പുതിയത് വാങ്ങുന്ന മുറയ്ക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | അങ്കമാലി ഫയർ സ്റ്റേഷനിലെ വാഹനം സ്റ്റേഷനിലേക്ക് ഇറക്കുന്നതിന് കഴിയാത്തവിധം ദേശീയപാതയിൽ നിന്നും അഞ്ച് അടിയോളം താഴ്ന്നാണ് അപ്രോച്ച് റോഡ് സ്ഥിതി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | ഡി) | ദേശീയപാതയിൽ നിന്നും സ്റ്റേഷനിലേയ്ക്ക് വാഹനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിന് ഫയർ & റെസ്ക്യൂ സർവ്വീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ